## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6603 9.7.2014 - ലെ മറുപടിക്ക്

### വ്യാപാരികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് മൂല്യവർദ്ധിത നികുതിയുടെ വർദ്ധനവ്

| ചോദ്യം<br>ശ്രീ. സി.കെ. സദാശിവൻ | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ഓരോ വർഷവും വ്യാപാരികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനയ്ക്കനുസരിച്ച് മൂല്യവർദ്ധിത നികുതി വർദ്ധിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) സംസ്ഥാനത്ത് മൂല്യവർദ്ധിത നികുതിയുടെ വർദ്ധനവ് വ്യാപാരികളുടെ എണ്ണം എന്ന ഘടകത്തെ മാത്രം ആശ്രയിച്ച് അളക്കാവുന്നതല്ല. പൊതുവേയുള്ള നികുതി ബാധകമായ ക്രയവിക്രയത്തിന്റെ തോത്, ഉപഭോഗം എന്നിവയാണ് പ്രധാന മാനദണ്ഡങ്ങൾ.<br><br>സ്വർണ്ണ വ്യാപാരികൾ, കരാറുകാർ, അന്തർ സംസ്ഥാന ക്രയവിക്രയം നടത്തുന്നവർ എന്നിങ്ങനെയുള്ളവർ ഒഴികെ, സാധാരണയുള്ള കച്ചവടക്കാർക്ക് വാർഷിക വിറ്റുവരവ് പത്ത് ലക്ഷം കഴിഞ്ഞാൽ മാത്രമേ രജിസ്ട്രേഷൻ ബാദ്ധ്യതയും നികുതി ബാദ്ധ്യതയും ഉള്ളൂ. |
| (സി) 2011-12, 2012-13 വർഷത്തിൽ ഉണ്ടായ വ്യാപാരികളുടെ വർദ്ധനവ് എത്രയെന്നും നികുതി പിരിവ് എത്ര ശതമാനമാണെന്നും വിശദമാക്കാമോ ? | (സി) 2011-12, 2012-13 വർഷങ്ങളിലെ വ്യാപാരികളുടെ വർദ്ധനവും നികുതി പിരിവിന്റെ ശതമാനവും ചുവടെ ചേർക്കുന്നു. |

| വർഷം | വ്യാപാരികളുടെ വർദ്ധനവ് (ശതമാനത്തിൽ) | നികുതി പിരിവിന്റെ വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|
| 2011-12 | 7 | 21 |
| 2012-13 | 7 | 20 |

സെക്ഷൻ ഓഫീസർ